എ. റശീദുദ്ദീൻ

# മായാവതി ജയിച്ചപ്പോൾ പിന്നാക്ക രാഷ്ട്രീയത്തിന് എന്തു സംഭവിച്ചു?

**ഉത്തർ** പ്രദേശിൽ ബഹുജൻ സമാജ് പാർട്ടി ഏറ്റവും വലിയ ഒറ്റകക്ഷിയാവുമെന്ന് മിക്ക ഏജൻസികളും പ്രവചിച്ചിരുന്നെങ്കിലും നീണ്ട പതിനാറ് വർഷങ്ങൾക്കു ശേഷം മായാവതിയിലൂടെ ഒറ്റകക്ഷി ഭരണം മടങ്ങിയെത്തുമെന്ന് ആരും തന്നെ പ്രവചിച്ചതല്ല. 152 മുതൽ 168 വരെ സീറ്റുകൾ മായാവതിക്ക് കിട്ടുമെന്ന് പ്രവചിച്ച സി.എൻ.എൻ-ഐ.ബി.എൻ സർവേയാണ് യാഥാർഥ്യത്തോട് ഏറ്റവുമധികം അടുത്തു വന്നത്. സ്റ്റാർ ന്യൂസ്-നീൽസൺ സർവേ ബി.എസ്.പിക്ക് നൽകിയത് 137 വരെ സീറ്റുകളാണ്. ടൈംസ് നൗ-ഹാൻസ എക്സിറ്റ് പോൾ മായാവതിക്ക് 116 മുതൽ 126 വരെ സീറ്റുകളുടെ സാധ്യതയുണ്ടെന്നാണ് കണ്ടത്. ബി.ജെ.പി നയിച്ച എൻ.ഡി.എ മുന്നണിയുടെ സാധ്യതകളെ വിലയിരുത്തിയതിൽ ഇവർക്കെല്ലാം തെറ്റ് പറ്റുകയും ചെയ്തു. ഹിന്ദുത്വ മുന്നണിക്ക് 100-നു മുകളിൽ സീറ്റ് പ്രവചിച്ചവരാണ് മിക്ക സർവേക്കാരും. പാർട്ടി തകർന്നടിയുമെന്ന് വിലയിരുത്താൻ ധൈര്യം കാണിച്ച ഒരു സർവേയുമുണ്ടായില്ല. സമാജ്വാദിയുടെ കാര്യത്തിലും കോൺഗ്രസ്സിന്റെ സീറ്റുകളുടെ എണ്ണത്തിലും മാത്രമാണ് പ്രവചനക്കാർ കുറച്ചെങ്കിലും അടുത്തെത്തിയത്. കോൺഗ്രസ്സിന് എല്ലാ സർവേകളിലും ഏറ്റവും കുറഞ്ഞ സീറ്റ് 21 ആയിരുന്നു. പാർട്ടി അത് നില നിർത്തുകയും ചെയ്തു.

വെറുമൊരു പ്രാദേശിക കക്ഷിയായ ബി.എസ്.പി പ്രവചനങ്ങളെ കാറ്റിൽ പറത്തി അധികാരത്തിലേറിയപ്പോൾ മറ്റൊരു പ്രാദേശിക കക്ഷിയായ സമാജ്വാദിയാണ് പ്രതിപക്ഷത്ത് ബാക്കിയായത്. ബി.ജെ.പിയും കോൺഗ്രസ്സും യു.പിയിൽ തകർന്നടിഞ്ഞുവെന്ന് നിസ്സംശയം പറയാം. കഴിഞ്ഞ തവണ ലഭിച്ച 25 സീറ്റിൽ നിന്ന് കോൺഗ്രസ് 21-ലേക്കും ബി.ജെ.പി 88-ൽനിന്ന് 50-ലേക്കും പോയി. 1989-ൽ കോൺഗ്രസ്സും 1993-ൽ ബി.ജെ.പിയും ഒറ്റക്ക് യു.പി ഭരിച്ചവരാണെന്നോർക്കുക. മൊത്തം 402 സീറ്റുകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 98 സീറ്റുകളാണ് മുലായമിനു ലഭിച്ചത്. കഴിഞ്ഞ തവണത്തേതിനേക്കാൾ 40 സീറ്റുകൾ കുറവ്. പക്ഷേ വോട്ടിംഗ് ശതമാനത്തിൽ മുലായമിന് കാര്യമായ ഇടിവ് തട്ടിയിരുന്നില്ല. കണക്കുകൾ ആരെയും വ്യക്തമായി ജയിപ്പിക്കുന്നതായിരുന്നില്ല. 163 സീറ്റുകളിലാണ് വിവിധ പാർട്ടികൾ എതിരാളികളുടെ മേൽ നിർണായകമായ ആധിപത്യത്തോടെ ജയിച്ചുകയറിയത്. 131 സീറ്റുകൾ ആർക്കും പിടിച്ചെടുക്കാവുന്ന അവസ്ഥയിലായിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മറ്റുള്ളവർ ജയിച്ച 105 സീറ്റുകളാണ് ഇക്കുറി മായാവതിപിടിച്ചടക്കിയത്. സമാജ്വാദി പാർട്ടിയുടെ 102 സിറ്റിംഗ് എം.എൽ.എമാരാണ് കൂട്ടത്തോൽവി ഏറ്റുവാങ്ങിയത്. കഴിഞ്ഞ തവണ ലഭിച്ച 99 സീറ്റുകൾ മുലായം എതിരാളികൾക്ക് മുമ്പിൽ അടിയറ വെച്ചു. മറുഭാഗത്ത് 50-ലേറെ പുതിയ സീറ്റുകളിൽ മുലായം ജയിച്ചുകയറി. സിറ്റിംഗ് എം.എൽ.എമാരെ കുറിച്ച ഗൃഹപാഠം വേണ്ടതുപോലെ ചെയ്യാത്തതാണ് മുലായമിന് സംഭവിച്ച ഏറ്റവും വലിയ പാളിച്ചയെന്നാണ് ഇത് വ്യക്തമാക്കുന്നത്.

### കണക്കിലെ കളി

സിറ്റിംഗ് എം.എൽ.എമാർക്ക് സീറ്റ് നൽകുന്നതിൽ ഏറ്റവുമധികം നിഷ്കർഷ പുലർത്തിയത് ബി.എസ്.പിയാണ്. എന്നിട്ടും 33 സിറ്റിംഗ് എം.എൽ.എമാരുടെ കാര്യത്തിൽ മായാവതി പരാജയം ഏറ്റുവാങ്ങി. 2002-ൽ വിജയ ശതമാനം 3-ൽ താഴെയായിരുന്ന 59 സീറ്റുകളാണ് മായാവതിക്കും മുലായമിനുമിടയിൽ ജയപരാജയങ്ങൾ നിശ്ചയിച്ചതെന്ന് വ്യക്തമാണ്. അതിസൂക്ഷ്മവും ശാസ്ത്രീയവുമായ പ്രചാരണത്തിലൂടെ ഈ മണ്ഡലങ്ങൾ പിടിച്ചടക്കിയതാണ് മായാവതിയുടെ വിജയരഹസ്യം. എതിരാളികളുടെ മേൽ 60 സീറ്റുകളിൽ മാത്രമാണ് മായാവതി വ്യക്തമായ ആധിപത്യം പുലർത്തി ജയിച്ചടക്കിയതെന്നും കാണാം. ഈ 59 സീറ്റുകളിൽ മുലായമിന്റെ കണക്കുകൂട്ടലാണ് വിജയിച്ചിരുന്നതെങ്കിൽ മായാവതി എവിടെയും എത്തുമായിരുന്നില്ല. ആടിക്കളിച്ച 59 മണ്ഡലങ്ങളുടെ കാര്യത്തിൽ വോട്ടുകൾ ഏതു വഴി തിരിയുമെന്ന അവ്യക്തത അവസാനം വരെ നിലനിന്നതായിരുന്നു ബി.എസ്.പിക്ക് അഭിപ്രായ സർവേകൾ 160 വരെ മാത്രം സീറ്റ് നൽകാനുണ്ടായ കാരണവും.

ബ്രാഹ്മണർ ആയിരുന്നോ മായാവതിയെ ജയിപ്പിച്ച ഈ നിർണായക ഘടകം? സത്യസന്ധമായി കാര്യങ്ങളെ സമീപിച്ചാൽ ഈ ചോദ്യത്തിന് ഉത്തരം പറയുക അത്രകണ്ട് എളുപ്പമല്ല. ഒറ്റനോട്ടത്തിൽ ബ്രാഹ്മണരും സവർണ ജാതിക്കാരുമാണ് മായാവതിയുടെ വിജയത്തിന്റെ ചാലകശക്തികളായി വർത്തിച്ചതെന്ന് തോന്നും. അതേസമയം മുസ്ലിംകളും ഈ പ്രക്രിയയിൽ പങ്കാളികളായിരുന്നു. 69 മണ്ഡലങ്ങളിൽ ബ്രാഹ്മണർക്ക് സീറ്റു നൽകിയ മായാവതിക്ക് ഇതിൽ 24 പേരെ ജയിപ്പിക്കാനായതാണ് പാർട്ടിയുടെ സവർണ പിന്തുണയുടെ പ്രത്യക്ഷ കാരണമായി വ്യാഖ്യാനിക്കപ്പെടുന്നത്. ഇപ്പോഴത്തെ അസംബ്ലിയിൽ ഏറ്റവുമധികം ബ്രാഹ്മണർ ജയിച്ചതും ബി.എസ്.പി ടിക്കറ്റിലാണ്. പക്ഷേ ബ്രാഹ്മണർക്ക് നിർണായക ഭൂരിപക്ഷമുള്ള മണ്ഡലങ്ങളിൽ ഒരിടത്തും ബി.എസ്.പി ബ്രാഹ്മണൻ ജയിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. ബ്രാഹ്മണർ മായാവതിയുടെ ഒപ്പമായിരുന്നുവെന്നത് യാഥാർ

ധ്യത്തേക്കാൾ വലിയ പ്രചാരണമായാണ് മാറുന്നത്. വിജയശതമാനം 3-ൽ താഴെയായി ആടിക്കളിച്ച 59 മണ്ഡലങ്ങളിലാണ് മായാവതിയുടെ ഉന്നതജാതിക്കാരായ സ്ഥാനാർഥികൾ വിജയം കണ്ടത്. കുറേക്കൂടി സൂക്ഷ്മമായി ഇതിനെ വിലയിരുത്തിയാൽ വളരെ ചെറിയ ശതമാനമാണ് ഈ മണ്ഡലങ്ങളിൽ മായാവതിയുടെ ഭാഗത്തേക്ക് ചാഞ്ഞ സവർണ വോട്ടുകളെന്നും കാണാം. മുസ്‌ലിം വോട്ടുകളും ഈ മണ്ഡലങ്ങളിൽ അത്രതന്നെ നിർണായകമായിരുന്നു. പക്ഷേ മായാവതിയോട് ഏറ്റുമുട്ടി ഈ മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനത്തെത്തിയ ബി.ജെ.പി സ്ഥാനാർഥികൾ കേവലം നാലു പേർ മാത്രമായിരുന്നു എന്നിടത്താണ് കണക്കുകൂട്ടലുകൾ സങ്കീർണമാകുന്നത്. മുലായമാണ് ഭൂരിപക്ഷം മണ്ഡലങ്ങളിലും രണ്ടാമതെത്തിയത്. മുസ്‌ലിംകളും ബ്രാഹ്മണരും അടങ്ങുന്ന ചെറിയൊരു ശതമാനം വോട്ടർമാർ ഇത്തവണ മാറിച്ചിന്തിച്ചതായാണ് ഇതിൽനിന്നും തെളിയുന്നത്. അതേസമയം ബി.ജെ.പിയും കോൺഗ്രസ്സുമൊക്കെ ഈ മണ്ഡലങ്ങളിൽ സവർണ വോട്ടുകൾ നേടിയിട്ടുമുണ്ട്. അപ്പോൾ പിന്നെ മായാവതിക്ക് മേൽക്കൈ നൽകിയ ആ ചെറിയ ഭൂരിപക്ഷം ആരുടേതുമാവാമെന്നാണ് വരുന്നത്. ഒരുവേള മുസ്‌ലിംകളാവാം, അല്ലെങ്കിൽ സവർണ വോട്ടുകളാവാം. അത്രയേ പറയാനൊക്കൂ.

നഷ്ടപ്പെടാൻ മാത്രം സവർണ വോട്ടുകൾ മുലായമിന്റെ വോട്ടുബാങ്കിൽ ഒരുകാലത്തും ഉണ്ടായിരുന്നില്ല. വല്ലതും ചോർന്നിട്ടുണ്ടെങ്കിൽ അത് മുസ്‌ലിം വോട്ടുകളാവാനേ സാധ്യതയുള്ളൂ. അതായത് സമാജ്‌വാദിയുടെ മുസ്‌ലിം വോട്ടുകളുടെ നഷ്ടവും ബി.ജെ.പിയുടെ സവർണ വോട്ടുകളുടെ നഷ്ടവും ഒരേപോലെ മായാവതിയുടെ വിജയത്തിന്റെ അടിസ്ഥാന കാരണമാവുകയാണ് ഉണ്ടായത്. രണ്ടും താരതമ്യേന ചെറിയ ചോർച്ചകൾ മാത്രമായിരുന്നു. മുലായമിന്റെ മുസ്‌ലിം-ഒ.ബി.സി വോട്ടുബാങ്കിൽനിന്ന് ഭീമമായ ചോർച്ച നടന്നിരുന്നുവെങ്കിൽ മായാവതിയുടെ വിജയശതമാനം 3-നേക്കാൾ അധികമാവുമായിരുന്നു. മുലായമിന്റെ മുസ്‌ലിം വോട്ട്ബാങ്കിൽനിന്ന് ഗുരുതരമായ ചോർച്ച നടന്നിരുന്നു എന്ന് തന്നെ സങ്കൽപിക്കുക. എങ്കിൽ ആടിക്കളിച്ച സീറ്റുകളാണ് അദ്ദേഹത്തിന് നഷ്ടപ്പെടേണ്ടിയിരുന്നത്. ആടിക്കളിച്ചവയിൽ 42 എണ്ണം മുലായം പിടിച്ചുനിർത്തിയെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഇതിൽ 26 എണ്ണം അദ്ദേഹം തികഞ്ഞ ആധിപത്യത്തോടെ നിലനിർത്തുകയും ചെയ്തു. മറുഭാഗത്ത് 67 സീറ്റുകളാണ് ബി.ജെ.പിക്ക് നഷ്ടമായത്. ഇതിൽ 44-ലും ജയിച്ചത് ബി.എസ്.പിയാണ്. ആടിക്കളിച്ച സീറ്റുകളിൽനിന്നല്ല ഉറച്ച സീറ്റുകളിൽനിന്നാണ് ബി.ജെ.പിക്ക് നഷ്ടം പറ്റിയതെന്നും കണക്കുകൾ തെളിയിക്കുന്നു. ഇവിടെയാണ് ആശയക്കുഴപ്പം ശക്തമാവുന്നത്. ഈ അടിസ്ഥാനത്തിൽ കണക്കുകളെ സമീപിക്കുമ്പോൾ മായാവതിയുടെ വിജയത്തിൽ സവർണ-ബ്രാഹ്മണ വോട്ടുകളുടെ പങ്ക് ബി.ജെ.പിയുടെ മാത്രം നഷ്ടമാണെന്നാണ് വരുന്നത്. ബി.ജെ.പിക്ക് ഉറച്ച സീറ്റുകൾ നഷ്ടമായത് മുസ്‌ലിം-യാദവ-ദലിത് ബെൽറ്റുകളിൽനിന്നല്ല, മറിച്ച് ശുദ്ധ പശുമാർക്ക് ബ്രാഹ്മണ മേഖലകളിൽനിന്നാണ് എന്നിടത്ത് കണക്കുകൾ ശരിയാവുന്നുമുണ്ട്. പക്ഷേ ബി.എസ്.പി മാത്രമല്ല ഈ മേഖലകളിൽ ജയിച്ചതെന്നാണ് തെരഞ്ഞെടുപ്പുഫലം തെളിയിക്കുന്നത്.

ബി.ജെ.പി ചീഞ്ഞതാണ് ബി.എസ്.പിക്ക് വളമായതെന്നാണ് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുന്നത്. പാർട്ടിയുടെ ഉറച്ച മണ്ഡലമായിരുന്ന, സവർണ വോട്ടുബാങ്ക് 55 ശതമാനത്തിൽ ഏറെയുള്ള പൂരൺപൂരിൽ ബി.ജെ.പി സ്ഥാനാർഥി എത്തിയത് നാലാം സ്ഥാനത്താണ്. മുഖ്യമന്ത്രിയായ അവസരത്തിൽ രാജ്നാഥ് സിംഗ് മത്സരിച്ചു ജയിച്ച, 60 ശതമാനത്തിലേറെ ബ്രാഹ്മണ വോട്ടുള്ള ഹൈദർഗഢിൽ ബി.ജെ.പിക്ക് 20 ശതമാനം വോട്ടുകളാണ് നഷ്ടമായത്. ഫത്തേപ്പൂർ, കൈസർഗഞ്ച്, ആഗ്രാ വെസ്റ്റ്, ഗോവർധൻ, സുൽത്താൻപൂർ മുതലായ സീറ്റുകളും ഉദാഹരണം. ബി.ജെ.പിയുടെ എക്കാലത്തെയും ഉറച്ച വോട്ടുകൾ പലവഴി ചോർന്നുവെന്നാണ് തെളിയുന്നത്. മുലായം സിംഗിന്റെ യാദവവത്കരണത്തോടുള്ള സവർണ സമുദായത്തിന്റെ കടുത്ത ഇഛാഭംഗമാണ് തെളിഞ്ഞുകാണുന്നത്. അതല്ലെങ്കിൽ ബ്രാഹ്മണരുടെ തന്ത്രപരമായ വോട്ടിംഗ്.

**വിവിധ ഘട്ടങ്ങൾ: ഒരവലോകനം**

### ഒന്നാം ഘട്ടം

ബുന്ദേൽഖണ്ഡ് എന്നു വിളിക്കുന്ന മേഖലയിലെ 62 സീറ്റുകളിലാണ് ഒന്നാം ഘട്ട വോട്ടെടുപ്പ് നടന്നത്. യാദവർക്ക് മുൻതൂക്കമുള്ള ഈ മേഖലയാണ് മുലായം സിംഗിന്റെ തട്ടകം. അദ്ദേഹത്തിന്റെ ജന്മഗ്രാമമായ സൈഫായി അടങ്ങുന്ന ജസ്വന്ത് നഗർ, ഇട്ടാവ, മുലായം മത്സരിച്ച ഭർത്തന തുടങ്ങിയവ ഈ മേഖലയിലാണ്. കഴിഞ്ഞ തവണ 24 സീറ്റുകളിലാണ് സമാജ്‌വാദി പാർട്ടി ജയിച്ചത്. പക്ഷേ ഇത്തവണ പാർട്ടിക്ക് 15 സീറ്റുകളേ ലഭിച്ചുള്ളൂ. കഴിഞ്ഞ തവണ 16 സീറ്റുകളിൽ ജയിച്ച ബി.ജെ.പിക്ക് ഈ മേഖലയിൽ ഇക്കുറി നല്ല പ്രതീക്ഷയുണ്ടായിരുന്നു. 2002-ൽ രാഷ്ട്രീയ കല്യാൺ പാർട്ടി രൂപീകരിച്ച് വിമതനായി മത്സരിച്ച കല്യാൺസിംഗ് മൂലം നിരവധി സീറ്റുകളിൽ ബി.ജെ.പി നേരിയ ഭൂരിപക്ഷത്തിന് തോൽക്കുകയും ചെയ്തിരുന്നു. ഈ സീറ്റുകൾ തിരിച്ചുകിട്ടുമെന്നും ലഭിച്ച സീറ്റുകൾ നിലനിർത്തുമെന്നുമുള്ള ബി.ജെ.പിയുടെ പ്രതീക്ഷ എട്ടുനിലയിലാണ് പൊട്ടിയത്. വെറും 7 സീറ്റുകൾ കൊണ്ട് ബുന്ദേൽഖണ്ഡിൽ ബി.ജെ.പിക്ക് തൃപ്തിയടയേണ്ടിവന്നു.

മായാവതിയുടെ കണക്കുകളുടെ കളി തുടങ്ങുന്നത് ഇവിടെനിന്നാണ്. 14 സീറ്റുകളിലാണ് പാർട്ടി കഴിഞ്ഞ തവണ ഇവിടെ ജയിച്ചത്. 21 സീറ്റുകളിൽ രണ്ടാമതെത്തുകയും ചെയ്തിരുന്നു. ഇക്കുറി ഒന്നാംഘട്ടത്തിലെ 33 സീറ്റുകളാണ് മായാവതി സ്വന്തമാക്കിയത്. കഴിഞ്ഞ തവണ മുലായമിനു പിന്നിൽ നിന്ന പത്ത് സീറ്റുകളെങ്കിലും അവർ തിരിച്ചുപിടിച്ചു. ബാക്കി ബി.ജെ.പിയിൽനിന്നും പിടിച്ചുവാങ്ങി. മുലായമിന്റെ തട്ടകത്തിൽ ബി.എസ്.പി ആറു മാസം മുമ്പേ സ്ഥാനാർഥികളെ പ്രഖ്യാപിച്ച് രംഗത്തിറങ്ങിയതാണ് ഈ അട്ടിമറിയുടെ കാരണമായി വ്യാഖ്യാനിക്കപ്പെടുന്നത്.

### രണ്ടാം ഘട്ടം

ഏറ്റവുമധികം വർണശബളമായിരുന്ന ഘട്ടമാണിത്. അജിത്സിംഗും കല്യാൺ സിംഗും ശക്തി തെളിയിക്കുമെന്ന് പ്രവചിച്ചിരുന്നത് പടിഞ്ഞാറൻ യു.പിയിലെ ഈ 58 മണ്ഡലങ്ങളിലാണ്. സമാജ്‌വാദി പാർട്ടി ഈ മേഖലയിൽ പേരിനു മാത്രമാണ് 2002-ലും രംഗത്തുണ്ടായിരുന്നത്. ആർ.എൽ.ഡിയും ബി.എസ്.പിയുമായിരുന്നു ഇവിടെ മുന്നിൽനിന്നത്. ആർ.എൽ.ഡിയുടെ സീറ്റുകൾ 15-ൽനിന്നും 10-ലേക്ക് കുറഞ്ഞപ്പോൾ ബി.എസ്.പിയുടേത് 15-ൽനിന്ന് 29-ലേക്ക് ഉയർന്നു. 20 മുതൽ 25 ശതമാനം വരെയാണ് ഈ മേഖലയിലെ ദലിത് വോട്ടുബാങ്ക്. അതേസമയം മുസ്‌ലിംകൾ 16 ശതമാനം മുതൽ 30 വരെയുണ്ട്. ഹാജി യഅ്ഖൂബ് ഖുറൈശിയും എസ്.പിയുടെ പാർലമെന്റംഗങ്ങളായ ശാഹിദ് ഖുറൈശിയും മുനവ്വർ ഹുസൈനും ആർ.എൽ.ഡിയുടെ കൗകബ് ഖാനും ആധിപത്യം പുലർത്തുന്ന ഈ മേഖലയിൽ മുസ്‌ലിംകളിലെ ചെറിയൊരു ശതാനമെങ്കിലും പിന്തുണച്ചില്ലായിരുന്നെങ്കിൽ ബി.എസ്.പിക്ക് നേട്ടമുണ്ടാക്കാൻ കഴിയുമായിരുന്നില്ല.

സമാജ്‌വാദി പാർട്ടി ഈ മേഖലയിൽ കഴിഞ്ഞ തവണത്തെ എട്ടിൽനിന്നും മൂന്നിലേക്ക് ചുരുങ്ങിയത് മായാവതിക്ക് ലഭിച്ച മുസ്‌ലിം പിന്തുണയുടെ തെളിവായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. രാഹുൽ ഗാന്ധിയുടെ വിവാദ ബാബരിമസ്ജിദ് പ്രസ്താവന നടന്ന ദയൂബന്ദിൽ കോൺഗ്രസ് സ്ഥാനാർഥിക്ക് വെറും 1642 വോട്ടുകൾ മാത്രമാണ് ലഭിച്ചത്. ജാട്ടുകളിൽ നിർണായക സ്വാധീനമുള്ള കർഷക നേതാ

വ് മഹേന്ദ്രസിംഗ് ടിക്കായത്തിന്റെ മകൻ രാകേഷ് സിംഗ് ടിക്കായത്തിനെ മുന്നിൽ നിർത്തി കോൺഗ്രസ് നടത്തിയ നീക്കവും ഫലിച്ചില്ല. രാകേഷ് മത്സരിച്ച ഖത്തോലിയിൽ ആർ.എൽ.ഡിക്കും ബി.എസ്.പിക്കും ദൽഹി ഇമാമിനും ബി.ജെ.പിക്കും പിറകിലായിരുന്നു അദ്ദേഹത്തിന്റെ നിൽപ്. ആർ.എൽ.ഡിയുടെ മുസ്‌ലിം-ജാട്ട് വോട്ടുബാങ്കിൽ കോൺഗ്രസ്സിന് എത്തിനോക്കാൻ പോലുമായില്ല. ആറിൽനിന്നും രണ്ടിലേക്കാണ് ഇക്കുറി പാർട്ടി ഒതുങ്ങിയത്. കല്യാൺസിംഗിന്റെ തട്ടകങ്ങളിൽ പലതും ലോധ് രജ്പുത്തുകളുടെ സ്വാധീനവലയത്തിൽനിന്ന് പുറത്തുകടക്കുന്നതിന്റെ സൂചനകളും കണ്ടുതുടങ്ങി. കഴിഞ്ഞ തവണ കല്യാൺ സിംഗ് ജയിച്ച ഡിബായി മണ്ഡലത്തിൽനിന്ന് ഇക്കുറി മകൻ രജ്‌വീർ സിംഗ് പരാജയം ഏറ്റുവാങ്ങിയത് ബി.എസ്.പിയോടായിരുന്നു.

### മൂന്നാം ഘട്ടം

ഉത്തർ പ്രദേശിലെ മുസ്‌ലിം ബെൽറ്റായി അറിയപ്പെടുന്ന ഈ മേഖലയിൽ 10 ജില്ലകളിലായി 57 മണ്ഡലങ്ങളിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്. ഇതിൽ 40 സീറ്റുകളിലെയും മുസ്‌ലിം ജനസംഖ്യ മൊത്തം വോട്ടുബാങ്കിന്റെ 20 ശതമാനത്തിൽ ഏറെയായിരുന്നു. 25 സീറ്റിൽ അവർ 30 ശതമാനത്തിലും അധികമായിരുന്നു. മുലായം ഈ മേഖലയിൽ താരതമ്യേന മോശമല്ലാത്ത പ്രകടനം കാഴ്ചവെച്ചു. അദ്ദേഹം ജയിച്ച രണ്ടു സീറ്റുകളിലൊന്നായ ബദായൂനിലെ ഗുന്നൗർ ഈ മേഖലയിലാണ്. റാംപൂർ, ബറേലി, ബിജ്നൂർ, മുറാദാബാദ് മുതലായ ജില്ലകളും ഇവിടെയാണ്. മുസ്‌ലിം വോട്ടുബാങ്കിൽനിന്ന് കാര്യമായ ഒഴുക്ക് കാണാനില്ലായിരുന്ന ഇവിടെ കഴിഞ്ഞ തവണ 25 സീറ്റ് ജയിച്ച പാർട്ടി ഇക്കുറി 15 സീറ്റുകൾ നിലനിർത്തി. അതേസമയം നേരിയ വ്യത്യാസത്തിന് ബി.എസ്.പിയെ തോൽപിച്ച സീറ്റുകൾ പലതും ഇക്കുറി നഷ്ടമാവുകയും ചെയ്തു. തോറ്റതായാലും ജയിച്ചതായാലും നിസ്സാരമായ വോട്ടുകളാണ് ഇവിടെ ബി.എസ്.പിക്കും എസ്.പിക്കുമിടയിൽ വിധി നിർണയിച്ചത്.

കഴിഞ്ഞ തവണ നാല് സീറ്റുണ്ടായിരുന്ന കോൺഗ്രസ് ഇത്തവണ ഒരു സീറ്റിലൊതുങ്ങി. ബി.ജെ.പി 11-ൽനിന്ന് എട്ടിലേക്കെത്തി. പക്ഷേ കഴിഞ്ഞ തവണ ലഭിച്ച 9 സീറ്റുകൾ ഇക്കുറി 28 ആയി ഉയർത്തി ബി.എസ്.പി എതിരാളികളെ അമ്പരപ്പിച്ചു. ആടിക്കളിച്ച സീറ്റുകളിൽ കൃത്യമായി ഗൃഹപാഠം ചെയ്ത് ബി.എസ്.പി ഏറ്റവുമധികം നേട്ടമുണ്ടാക്കിയ മേഖലയും ഇതായിരുന്നു. ബി.ജെ.പിയുടെയും കോൺഗ്രസ്സിന്റെയും വോട്ടുബാങ്കിലുണ്ടായ നഷ്ടമാണ് മേഖലയിൽ ബി.എസ്.പിക്ക് ഗുണം ചെയ്തതെന്നും സൂക്ഷ്മ വിശകലനത്തിൽ കാണാനാവും.

### നാലാം ഘട്ടം

31 സീറ്റുകൾ നേടി കഴിഞ്ഞ തവണ സമാജ്‌വാദി പാർട്ടി മുന്നിലെത്തിയ ഈ മേഖലയിൽ ഇക്കുറിയും പാർട്ടിക്ക് പിടിച്ചുനിൽക്കാനായത് അത്ഭുതമായിരുന്നു. 57 മണ്ഡലങ്ങളിൽ 23 എണ്ണമാണ് പാർട്ടി ഒപ്പം നിർത്തിയത്. ബേനിപ്രസാദ് വർമക്കും സംസ്ഥാന തൊഴിൽമന്ത്രി ഡോ. വഖാസ് അഹ്മദ്ഷാക്കുമിടയിലുണ്ടായ തർക്കം സമാജ്‌വാദിയെ ഏറ്റവും ഗുരുതരമായി ബാധിച്ച മേഖലയായിരുന്നു ഇത്. സമാജ്‌വാദി പാർട്ടി വിട്ട് സമാജ്‌വാദി ക്രാന്തിദൾ രൂപീകരിച്ച ബേനിപ്രസാദ് കുർമി സമുദായത്തിന്റെ വോട്ടുബാങ്ക് മുലായമിന് നഷ്ടമാക്കി. കുർമികൾക്ക് താരതമ്യേന സ്വാധീനമുള്ള ഈ മേഖലയിൽ മറ്റൊരു കുർമി നേതാവായ സോനേലാൽ പട്ടേലിന്റെ അപ്നാദളുമായി സഖ്യം ചേർന്ന് ബി.ജെ.പി ശ്രമം നടത്തിയെങ്കിലും ഫലമുണ്ടായില്ല. ബി.ജെ.പി പിന്തുണയോടെ മത്സരിച്ച പത്ത് കുർമികളും തോൽക്കുകയാണുണ്ടായത്. മുലായമിന്റെ യാദവവത്കരണം ഇവിടത്തെ ഉയർന്ന ജാതിക്കാരെ ചൊടിപ്പിച്ചിരുന്നു. സമാജ്‌വാദിക്കെതിരെ വിജയസാധ്യതയുള്ള സ്ഥാനാർഥികൾക്ക് പാർട്ടി നോക്കാതെ സവർണർ വോട്ടു നൽകുകയായിരുന്നു. 2002-ൽ 14 സീറ്റ് ലഭിച്ച ബി.ജെ.പി വെറും നാല് സീറ്റിലേക്ക് ചുരുങ്ങി. മറുഭാഗത്ത് ഒമ്പതു സീറ്റുണ്ടായിരുന്ന ബി.എസ്.പി കുതിച്ചുചാടി 26-ലേക്ക് എത്തുകയും ചെയ്തു. മുസ്‌ലിംകൾക്കിടയിൽ ബി.ജെ.പിയെ കുറിച്ച് ഏറ്റവുമധികം ആശങ്ക ഉണ്ടായിരുന്ന ഈ മേഖലയിൽ അവരുടെ തന്ത്രപരമായ വോട്ടിംഗും മായാവതിയെ സഹായിച്ചു. കോൺഗ്രസ്സിന് കഴിഞ്ഞ തവണത്തേക്കാൾ ഒരു സീറ്റ് ഇവിടെ അധികം ലഭിച്ചു.

### അഞ്ചാം ഘട്ടം

മുൻപ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ലോക്സഭാ മണ്ഡലമായ ലഖ്നൗവും കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധിയുടെ മണ്ഡലമായ റായ്ബറേലിയും ഉൾപ്പെട്ട ഈ മേഖലയിലെ 57 സീറ്റുകളിൽ പ്രചാരണത്തിനെത്താത്ത പ്രമുഖർ ആരുമുണ്ടായിരുന്നില്ല. കോൺഗ്രസ് നില മെച്ചപ്പെടുത്തിയപ്പോൾ ബി.ജെ.പി 15-ൽ നിന്ന് അഞ്ചിലേക്ക് ചുരുങ്ങി. പ്രിയങ്കാ ഗാന്ധിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് റായ്ബറേലി, സുൽത്താൻപൂർ ജില്ലകളിൽ കോൺഗ്രസ് തെരഞ്ഞെടുപ്പ് നേരിട്ടത്. ഇതിന് ഫലവും കണ്ടു. കഴിഞ്ഞ തവണ നാല് സീറ്റ് ലഭിച്ച പാർട്ടിക്ക് ഇക്കുറി 9 സീറ്റുകളാണ് കിട്ടിയത്. കഴിഞ്ഞ തവണ 14 സീറ്റ് ലഭിച്ച സമാജ്‌വാദി പാർട്ടി എല്ലാ പാർട്ടികളുടെയും കൂട്ടായ ആക്രമണത്തെ മറികടന്ന് ഇക്കുറിയും 12 സീറ്റുകൾ നിലനിർത്തി. മായാവതിയുടെ ആധിപത്യം ഇവിടെയും തുടർന്നു. അഞ്ചാം ഘട്ടത്തിൽ അവരുടെ വിജയത്തിന് പാർട്ടിയുടെ പുതിയ നയങ്ങൾ തന്നെയായിരുന്നു കാരണമായത്. 25 മുതൽ 36 ശതമാനം വരെ ദലിത്‌വോട്ടുകളും 7 മുതൽ 14 വരെ ബ്രാഹ്മണ വോട്ടുകളും ഈ മേഖലയിൽ മായാവതിയുടെ സഹായത്തിനെത്തി. മുസ്‌ലിംകൾ 6 മുതൽ 13 വരെ ശതമാനം ഉണ്ടായിരുന്നെങ്കിലും അവരുടെ വോട്ട് കൂടുതലും സമാജ്‌വാദി പാർട്ടിക്കാണ് ലഭിച്ചത്. മായാവതിയെ ഈ മേഖലയിൽ 16-ൽനിന്ന് 19-ലേക്കെത്താൻ സഹായിച്ച നിർണായകമായ വോട്ടുകൾ ബി.ജെ.പിയിൽനിന്നാണ് ചോർന്നതെന്ന് വ്യക്തം.

### ആറാം ഘട്ടം

ഒമ്പതു ജില്ലകളിൽ പരന്നുകിടക്കുന്ന ഈ മേഖലയിലെ 52 മണ്ഡലങ്ങൾ 1989 വരെ കോൺഗ്രസ്സിന്റെ ശക്തികേന്ദ്രങ്ങളായിരുന്നു. രാമക്ഷേത്ര നിർമാണവുമായി രംഗത്തിറങ്ങിയ ബി.ജെ.പിയിലേക്കാണ് 90-കളിൽ ഈ വോട്ടുബാങ്ക് ചാഞ്ഞത്. 2002-ൽ 20 സീറ്റുകൾ നേടി മുലായം സിംഗ് വിജയക്കൊടി പാറിച്ചു. യു.പിയിൽ ഇത്തവണ ജാതിരാഷ്ട്രീയവും വർഗീയതയും മാറ്റുരച്ച രണ്ട് മേഖലകളിൽ ഒന്നായിരുന്നു ഇത്. ഗോരഖ്പൂരിനോട് ചേർന്നു കിടക്കുന്നതു മൂലം യോഗി ആദിത്യനാഥിന്റെ ഒത്താശയോടെ നടക്കുന്ന വർഗീയ കലാപങ്ങളും മൗവിൽ മുഖ്താർ അൻസാരിയുടെ നേതൃത്വത്തിലുണ്ടായ കലാപവും മുലായമിന് ഈ മേഖലയിൽ ജനസമ്മിതി കുത്തനെ ഇടിയാൻ കാരണമായി. 'മുസ്‌ലിം വർഗീയത'യുടെ പക്ഷത്താണെന്ന് ആരോപിക്കപ്പെട്ട സമാജ്‌വാദിക്ക് 11 സീറ്റുകളിലേ ജയിക്കാനായുള്ളൂ. മറുഭാഗത്ത് ബി.ജെ.പിയുടെ സീറ്റുകൾ 11-ൽനിന്ന് ആറിലേക്ക് ചുരുങ്ങി. കുർമികളുടെ നേതാവ് സോനേലാൽ പട്ടേൽ മത്സരിച്ച രണ്ടു മണ്ഡലങ്ങളിലും തോറ്റു. ബി.ജെ.പിയിലും സമാജ്‌വാദിയിലും ജനങ്ങൾക്ക് നഷ്ടപ്പെട്ട പ്രതീക്ഷ ബി.എസ്.പിയുടെ കനത്ത വിജയത്തിനാണ് ഇവിടെ വഴിയൊരുക്കിയത്. 2002-ൽ 15 സീറ്റ് ജയിച്ച ബി.എസ്.പി ഇക്കുറി 32 സീറ്റുകളിൽ ജയിച്ച് പ്രതിയോഗികളെ നിശ്ശബ്ദരാക്കി. ബ്രാഹ്മണരേക്കാളേറെ രജ്പുത്തുകളെയാണ് മായാവതി ഈ മേഖലയിൽ ആശ്രയിച്ചത്.

### ഏഴാം ഘട്ടം

അയോധ്യയും ഗോരഖ്പൂരും തെ

രഞ്ഞെടുപ്പിനെ നേരിട്ടത് ഈ ഘട്ടത്തിലായിരുന്നു. പൂർവാഞ്ചൽ എന്ന പേരിൽ ഗുജറാത്ത് മാതൃകയിൽ മറ്റൊരു ക്രിമിനൽ സംസ്ഥാനമുണ്ടാക്കാനുള്ള വി.എച്ച്.പിയുടെ നീക്കങ്ങൾ തകൃതിയായി നടക്കുന്ന മേഖലയും ഇതാണ്. പഡ്രോണയിലും ഗോരഖ്പൂരിലുമായി ഇതിനകം 300-ലേറെ മുസ്‌ലിം കടകളും പള്ളികളും വീടുകളും തീവെച്ച് നശിപ്പിക്കപ്പെട്ടതായാണ് റിപ്പോർട്ട്. പഴയ മഠാധിപതി മഹന്ത് അവൈദ്യനാഥിന്റെ കാലത്ത് അഖിലേന്ത്യാ ഉർദു മുശായിറ നടന്നുവന്ന ആദിത്യനാഥ് ക്ഷേത്രവളപ്പിൽ പുതിയ അധിപനായി യോഗി ആദിത്യനാഥ് ചുമതലയേറ്റതോടെ നഗരത്തിന്റെ നിറം മാറി. മതസൗഹാർദത്തിന് കേളികേട്ട ഗോരഖ്പൂർ വർഗീയമായി ഏതുസമയത്തും പൊട്ടിത്തെറിക്കാവുന്ന അവസ്ഥയിലെത്തി. ആദിത്യനാഥിനെ ഭയന്ന് മുസ്‌ലിംകൾ പശുക്കളെ വളർത്താൻ ധൈര്യപ്പെടാത്ത സാഹചര്യം പോലും അഞ്ചു വർഷത്തിനകം ഈ ജില്ലയിലും പരിസരപ്രദേശങ്ങളിലുമുണ്ടായി.

ബ്രാഹ്മണർ 30,000 മുതൽ 80,000 വരെയാണ് ഈ മണ്ഡലങ്ങളിൽ. ഇവിടെ ഗോരഖ്പൂർ മഠാധിപതിയുടെ വർഗീയ ചിറകിലേറി അങ്കം ജയിക്കാമെന്ന ബി.ജെ.പിയുടെ പ്രതീക്ഷ വലിയൊരളവോളം വിജയിക്കുകയും ചെയ്തു. 2002-ൽ 10 സീറ്റ് ലഭിച്ച പാർട്ടിക്ക് ഇക്കുറി രണ്ടെണ്ണം മാത്രമേ നഷ്ടമായുള്ളൂ. ബി.ജെ.പിക്കകത്ത് വിമത പ്രവർത്തനങ്ങൾ കൊടുമ്പിരികൊണ്ട ഈ മേഖലയിൽ മായാവതി നേട്ടമുണ്ടാക്കി. കഴിഞ്ഞ തവണത്തെ 17 സീറ്റുകൾ ഇക്കുറി 30 ആക്കി ഉയർത്താൻ അവർക്കു കഴിഞ്ഞു. അപ്പോഴും 21-ൽനിന്ന് 17-ലേക്കു ചുരുങ്ങിയ സമാജ്‌വാദിയുടെ പ്രകടനം അത്രകണ്ട് മോശമായിരുന്നില്ല.

## ബി.എസ്.പി ബ്രാഹ്മണരുടെയും പാർട്ടിയാവുമ്പോൾ

ബി.ജെ.പി വോട്ടർമാരാണ് സമാജ്‌വാദി വോട്ടർമാരേക്കാൾ കൂടുതൽ ബി.എസ്.പിയെ പുണർന്നതെന്ന് ചുരുക്കം. ബി.എസ്.പിയുടേത് മൃദുല ഹിന്ദുത്വമാണെന്ന ആർ.എസ്.എസ് നിലപാടിന് കിട്ടിയ അംഗീകാരമാണോ ഇത്? ബി.എസ്.പിയുടെ അപ്രതീക്ഷിത വിജയത്തെ കുറിച്ച് അങ്ങനെയും വിശകലനം നടക്കുന്നുണ്ട്. 'ഹാഥി നഹീം ഗണേഷ് ഹൈ, ബ്രഹ്മാ വിഷ്ണു മഹേഷ് ഹൈ, ഹാഥീ ബട്ത്താ ജായേഗാ ബ്രാഹ്മൺ ശംഖ് ഭജായേഗാ' (ആനയല്ല ഗണേഷ് ആണ്, ബ്രഹ്മാവും വിഷ്ണുവും മഹേഷുമാണ്. ആന നയിക്കും, ബ്രാഹ്മണൻ ശംഖ് വിളിക്കും)- രണ്ട് വർഷം മുമ്പത്തെ ബി.എസ്.പിയിൽ ഇങ്ങനെയൊരു മുദ്രാവാക്യം ഉയരുമെന്ന് ചിന്തിക്കുക പോലും അസാധ്യമായിരുന്നു. ബി.എസ്.പി ബ്രാഹ്മണരുമായി ചങ്ങാത്തം കൂടാൻ ആരംഭിച്ചത് 2002-ലെ തെരഞ്ഞെടുപ്പ് മുതലാണെങ്കിലും അക്കാലത്ത് ഈ രാഷ്ട്രീയ നീക്കുപോക്കിന് അനുഗുണമായ സാമൂഹിക അടിത്തറയുണ്ടാക്കാനുള്ള ശ്രമങ്ങൾക്ക് മായാവതി തുടക്കം കുറിച്ചിരുന്നില്ല. 'തിലക്, തരാസു ഔർ തൽവാർ ഇൻകോ മാരോ ജൂത്തേ ചാർ' (പൊട്ടും കുടുമയും പൂണൂലും- ഇത് കൊണ്ടുനടക്കുന്നവരെ ചെരിപ്പു കൊണ്ടടിക്കൂ) എന്ന് 80-കളിൽ കാൻഷിറാം പഠിപ്പിച്ച മുദ്രാവാക്യമാണ് ഈയടുത്ത കാലം വരെ ബി.എസ്.പിയിൽ ഉയർന്നിരുന്നത്. അതേ, ബി.എസ്.പിയാണ് ബ്രാഹ്മണനെ മുന്നിൽ നിർത്തി പടനയിക്കണമെന്ന് അനുയായികളോട് പറയുന്നത്.

ബ്രാഹ്മണനും ദലിതനും തമ്മിലുള്ള കുടിപ്പക അവസാനിപ്പിക്കാൻ ചില നീക്കങ്ങൾ മായാവതിയുടെ ഭാഗത്തുനിന്നുണ്ടായി എന്നത് കാണാതിരിക്കാൻ കഴിയില്ല. ബഹുജൻ സമാജ് പാർട്ടി കേവല ഭൂരിപക്ഷം നേടി അധികാരത്തിലലേറുക മാത്രമായല്ല യു.പിയിൽ സംഭവിച്ചത്. വർഷങ്ങളോളം കോൺഗ്രസ് പ്രയോഗിച്ചുവന്ന ഒരു സാമുദായിക സമീകരണത്തിന്റെ പുനരവതരണം കൂടിയാണ് പുതിയ ബി.എസ്.പി സർക്കാർ. പണ്ടൊക്കെ ബ്രാഹ്മണരും സവർണ ജാതിക്കാരും ഭരിക്കുകയും മുസ്‌ലിംകളും ദലിതരും അവർക്ക് വോട്ടു കുത്തുകയുമാണ് ചെയ്തുവന്നത്. ഇക്കുറി ദലിതന്റെ മുന്നണിയിൽ ബ്രാഹ്മണൻ ചേക്കേറുകയായിരുന്നു. ദലിതന്റെ നേതൃത്വത്തിലാണ് ഭരണം. ദേഹണ്ണക്കാരന്റെ റോൾ മാത്രമേ സവർണനുണ്ടാവൂ. മായാവതി എങ്ങനെയാണ് യു.പിയിൽ ഇത്തരമൊരു സാമൂഹിക പരിവർത്തനം സാധിച്ചതെന്ന ചോദ്യം പല കേന്ദ്രങ്ങളും ഉയർത്തുന്നുണ്ട്.

ലഖ്‌നൗ കോടതിയിലെ ഏറ്റവും അറിയപ്പെട്ട അഭിഭാഷകരിലൊരാളായ സതീഷ്ചന്ദ്ര മിശ്ര എന്ന ബ്രാഹ്മണനാണ് ബി.എസ്.പിയുടെ ഇപ്പോഴത്തെ സാമൂഹിക സമീകരണത്തിന്റെ ഉപജ്ഞാതാവ്. തെരഞ്ഞെടുപ്പിന്റെ വെറും 31 മാസങ്ങൾക്കു മുമ്പാണ് അദ്ദേഹം ബി.എസ്.പിയിൽ എത്തുന്നത്. പാർട്ടിയിൽ ചേർന്ന് എട്ടു മാസത്തിനകം മിശ്ര ബി.എസ്.പിയുടെ ജനറൽ സെക്രട്ടറിയായി. കോൺഗ്രസ്സിനെ ഒരു കാലത്ത് യു.പിയിലെ ഏറ്റവും കരുത്തുറ്റ ശക്തിയാക്കി നിലനിർത്തിയ ഈ സമീകരണം ബി.എസ്.പിക്ക് സാധ്യമാവുമെന്ന് മിശ്രയാണ് കണ്ടെത്തിയത്. ദലിതരെയും മുസ്‌ലിംകളെയും കേവലം വോട്ടുബാങ്ക് മാത്രമായി കണ്ടതായിരുന്നു കോൺഗ്രസ്സിനു പറ്റിയ തെറ്റ്. ദലിതർക്കു വേണ്ടി ദലിതർ നയിക്കുന്ന ദലിതരുടെ പാർട്ടിയായ ബി.എസ്.പിക്ക് ഈ പോരായ്മയെ അതിജീവിക്കാനുള്ള കരുത്തുണ്ടായിരുന്നു. ബ്രാഹ്മണരെ ബി.എസ്.പിയിലേക്ക് ആകർഷിക്കുന്ന ചുമതല മായാവതി മിശ്രയെ ഏൽപിച്ചു.

ഉത്തർ പ്രദേശിലെ 70 ജില്ലകളിലും ഈ കാലയളവിൽ മിശ്ര ദലിത് - ബ്രാഹ്മൺ ഭായ്ച്ചാര കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ബ്രാഹ്മണർക്കായിരുന്നു കമ്മിറ്റികളിൽ മുൻതൂക്കം. കമ്മിറ്റിയിലെ അംഗങ്ങളായ ദലിതരുടെ വീടുകൾ സന്ദർശിക്കാൻ തലമുറകൾ നീണ്ട വിലക്ക് ലംഘിച്ച് പല മേഖലകളിലും ബ്രാഹ്മണർ തയാറായത് അടിസ്ഥാനതലത്തിൽ ആരംഭിച്ച മാറ്റത്തിന്റെ പ്രതിഫലനമായിരുന്നു. പക്ഷേ വളരെ ദുർബലമായിരുന്നു ഈ നീക്കങ്ങൾ. ദലിതരെ പീഡിപ്പിച്ചത് ബ്രാഹ്മണർ അല്ലെന്നും ഭൂവുടമകളായ താക്കൂറുകളും യാദവരും ആയിരുന്നെന്നുമുള്ള പുതിയൊരു സിദ്ധാന്തവും മിശ്ര കൊണ്ടുവന്നു. 2006 ജൂണിൽ ഈ കമ്മിറ്റികളുടെ സംസ്ഥാനതല സമ്മേളനം ലഖ്‌നൗവിൽ നടക്കുകയുണ്ടായി. ഒരു ശരാശരി യോഗമെന്നതിലപ്പുറം ഒരു ചരിത്രസംഭവമാകാൻ തക്കവണ്ണം ജനബാഹുല്യമൊന്നും ഇതിൽ ഉണ്ടായിരുന്നില്ല. പക്ഷേ മിശ്ര കഠിനമായി പ്രയത്നിച്ചു എന്നത് വസ്തുതയാണ്. ഈ തെരഞ്ഞെടുപ്പു കാലത്ത് 93 റാലികളിലാണ് ഇദ്ദേഹം പ്രചാരണം നടത്തിയത്. ലഖ്‌നൗവിൽ ഏറ്റവുമധികം ആദായനികുതി നൽകിയിരുന്ന ഈ അഭിഭാഷകൻ തന്റെ ജോലി പോലും ഉപേക്ഷിച്ചാണ് മായാവതിയുടെ പിന്നിൽ ഉറച്ചുനിന്നത്. ഇതിന് ന്യായമായ പ്രതിഫലമെന്നോണം മിശ്രക്ക് മന്ത്രിക്കസേര ലഭിക്കുകയും ചെയ്തു.